# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4989 — 04.07.2012-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടോക്കൺ മണി

| | | |
|---|---|---|
| (എ) | നൂറ് രൂപാവീതം ടോക്കൺ മണി നിർദ്ദേശിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് എത്ര നാൾക്കകം ഭരണാനുമതി ലഭിച്ചില്ലെങ്കിലാണ് പ്രവൃത്തി ലാപ്സാകുന്നത്; | നൂറ് രൂപാ വീതമുള്ള ടോക്കൺ മണി നിർദ്ദേശിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രാബല്യം അതാത് സാമ്പത്തിക വർഷം മാത്രമാണ്. |
| (ബി) | ആയിരം രൂപ ടോക്കൺ മണി നിർദ്ദേശിച്ച പ്രവൃത്തി ഭരണാനുമതി ലഭിച്ചില്ലെങ്കിൽ അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുമോ; | ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ ക്യാരി ഓവർ ചെയ്തുപോകണമെന്നു വ്യവസ്ഥയില്ല. അതിനാൽ ഓരോ വർഷത്തെയും മുൻഗണനയ്ക്കനുസരിച്ച് അത്തരം പ്രവൃത്തികൾക്കായി പ്രത്യേകം ടോക്കൺ വിഹിതം വകയിരുത്തേണ്ടതുണ്ട്. |
| (സി) | എങ്കിൽ നൂറ് രൂപ ടോക്കൺ മണി ലഭിച്ച പ്രവൃത്തിക്ക് ആയിരം രൂപ ടോക്കൺ നിർദ്ദേശിക്കുന്നതിന് എന്ത് നടപടിയാണ് ചെയ്യേണ്ടത് വിശദാംശം വ്യക്തമാക്കുമോ? | പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ചീഫ്എഞ്ചിനീയർ/ ഗവൺമെൻറ് തലത്തിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും അടിസ്ഥാനത്തിൽ ഓരോ പ്രവൃത്തികൾക്കും ആയിരമോ അതിൻെറ ഗുണിതങ്ങളോ ആയി അധിക ബജറ്റ് വിഹിതം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ